മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇത് ഗവൺമെന്റിന്റെ തീരുമാനമായിരുന്നില്ല. അങ്ങ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു ഭേദഗതി എന്നുള്ള നിലയിൽ സ്വീകരിച്ചതായിട്ടാണ് കാണുന്നത്. ആയിരക്കണക്കിന് കുട്ടികളുടെ ഭാവിയാണ്. ഇതിന്റെ ഗൗരവത്തെക്കുറിച്ച് ബഹുമാനപ്പെട്ട കോയിടേരി വിശദമായി സംസാരിച്ചു കഴിഞ്ഞതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞതിനെക്കുറിച്ച് എന്തെങ്കിലും ക്ലാരിറ്റി കുറവുണ്ടെന്ന് തോന്നുന്നില്ല. അദ്ദേഹം അത് വ്യക്തമായിട്ടാണ് പറഞ്ഞത്. നമുക്ക് ഇന്നത്തെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബില്ലിന്റെ ചർച്ച നാളെ തന്നെ ആരംഭിക്കാം. ഈ ആഴ്ചയ്ക്കകം ബിൽ പാസ്സാക്കാം. അടിയന്തിരമായിട്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാം.

III. ശ്രദ്ധക്ഷണിക്കൽ

(1) കേരള സോപ്സ് ആന്റ് ഓയിൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് എന്നിവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും സ്റ്റീൽ കോംപ്ലക്സ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ട ആവശ്യകത

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണവും പൊതുമേഖലാ വ്യവസായങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ആവശ്യപ്പെട്ട് ജില്ലയിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുടെയും നേതൃത്വത്തിൽ രൂപീകൃതമായ പൊതുമേഖലാ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഇന്നവിടെ കളക്ടറേറ്റ് മാർച്ചും കളക്ടറുടെ ഓഫീസിന് മുമ്പിൽ ധർണ്ണയും നടത്തുകയാണ്. കോഴിക്കോട് ജില്ലയിലെ കേരള സോപ്സ് ആന്റ് ഓയിൽസ് ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. കേരള സോപ്സ് ആന്റ് ഓയിൽസ് 90 വർഷമായി പ്രവർത്തിച്ചു വന്നിരുന്ന ഒരു സ്ഥാപനമാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ദിവസം പോലും ഈ സ്ഥാപനം തുറന്നു പ്രവർത്തിച്ചിട്ടില്ല. ഇപ്പോൾ കേരള സോപ്സ് ആന്റ് ഓയിൽസിൽ 227 തൊഴിലാളികളാണുള്ളത്. മൂന്ന് വർഷമായി തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള ഈ തൊഴിലാളികൾക്ക് യാതൊരു തരത്തിലുമുള്ള സഹായവും ഗവൺമെന്റ് നൽകിയിട്ടില്ല. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ആ സ്ഥാപനത്തിലെ തൊഴിലാളികളോട് ഇപ്രകാരമുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഞാനിവിടെ സംസാരിക്കുന്ന കാര്യം പോലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നില്ല. അങ്ങയുടെ ശ്രദ്ധ ഉണ്ടാകണ്ടേ? ഒരു ഗൗരവമായ പ്രശ്നം ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കുന്ന സമയത്ത് ബന്ധപ്പെട്ട വകുപ്പുമന്ത്രി പോലും ഇതിനോടെടുക്കുന്ന നിഷേധാത്മകമായ നിലപാടാണ് ഈ സഭയിൽ പ്രകടമാകുന്നത്. ഇത് അങ്ങേയറ്റം ഖേദകരമാണ്. ഇവിടെ പറയുന്ന പ്രശ്നങ്ങളോട് എടുക്കുന്ന സമീപനം ഇതു തന്നെയാണ് വ്യക്തമാക്കുന്നത്. കേരള സോപ്സ് ആന്റ് ഓയിൽസ് പ്രവർത്തിക്കുന്ന ഭൂസ്വത്ത് സ്വകാര്യ വ്യക്തികൾക്ക് വിൽപ്പന നടത്തി അതുവഴി സമ്പത്ത് ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള വളരെ ഗൂഢമായ നീക്കമാണ് ഗവൺമെന്റിന്റെ പ്രത്യേകിച്ച് വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികൾക്ക് അവിടെ അടിയന്തിര ആശ്വാസം നൽകണം. കമ്പനി പുനരുദ്ധാരണത്തിന് വിധേയമാക്കി തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കണം. കോഴിക്കോട് ജില്ലയിലെ മറ്റൊരു പ്രധാനപ്പട്ട സ്ഥാപനമാണ് മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്. ഇത് പൊതുമേഖല സ്ഥാപനമായി അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 120 വർഷമായി പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനമാണ് മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്. 334 തൊഴിലാളികൾ അവിടെ ജോലി ചെയ്ത് വന്നിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സ്ഥാപനത്തിനകത്ത് നവീകരണ പരിപാടികൾക്ക് തുടക്കം കുറിച്ചതാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ നവീകരണ പരിപാടികൾ പൂർണ്ണമായും നിർത്തലാക്കി. ഈ സ്ഥാപനം ഒരു വർഷക്കാലമായി ലേ ഓഫിലാണ്. ലേ ഓഫ് വേജ് നിയമാനുസൃതം നൽകേണ്ടതാണ്. കഴിഞ്ഞ ഡിസംബർ മാസം മുതൽ ലേ ഓഫ് വേജ് ഈ സ്ഥാപനത്തിൽ നൽകുന്നില്ല. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിച്ച് അത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഉറപ്പുണ്ടാക്കേണ്ടതുണ്ട്. തൊഴിലാളികൾക്ക് നിയമവിധേയമായിട്ടുള്ള ലേ ഓഫ് വേജ് നൽകേണ്ടതാണ്. കോഴിക്കോട് ജില്ലയിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റീൽ കോംപ്ലക്സ്. 1972-ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ 349 തൊഴിലാളികൾ ഉണ്ടായിരുന്നു. ഇവിടെ തൊഴിലാളികളെ നിർബന്ധപൂർവ്വം ഒഴിവാക്കി വരികയാണ്. സ്റ്റീൽ റീലിംഗ് മിൽ സ്ഥാപിച്ച കമ്പനിയെ ലാഭകരമാക്കി മാറ്റുന്നതിനും തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. കോഴിക്കോട് പട്ടണത്തിൽ ഈ ആവശ്യങ്ങൾ ഉന്നയിച്ചു സമരം ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളോട് വളരെ മോശമായ സമീപനമാണ് സ്വീകരിക്കുന്നത്. പട്ടണത്തിൽ പന്തൽ കെട്ടി സമരം ചെയ്തിരുന്ന തൊഴിലാളികളുടെ പന്തൽ ഏപ്രിൽ 13-ാം തീയതി പൊളിച്ചുമാറ്റി. ഈ പന്തലിനു വേണ്ടി ഉപയോഗിച്ചിരുന്ന ടാർപോളിൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ പോലീസ് കസ്റ്റഡിയിൽ നിന്ന് വിട്ടുകൊടുക്കുന്നതിനുപോലും അവർ തയ്യാറായിട്ടില്ല. അവസാനം കളക്ടറേറ്റ് ഗെയിറ്റിലേക്ക് സമരം മാറ്റേണ്ടിവന്നു. കളക്ടറേറ്റ് ഗേറ്റിൽ സമരം നടക്കുന്ന സന്ദർഭത്തിൽ തൊഴിലാളികളെ കയ്യേറ്റം ചെയ്യുന്ന അവസ്ഥവരെ വന്നു. ഇതു സംബന്ധിച്ച പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ നൽകിയിട്ടുണ്ട്. അവിടെ തൊഴിലാളികൾ ഹുണ്ടിക പിരിവ് നടത്താൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് പോലീസ് ഇടപെടുകയാണ്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഈ ഗവൺമെന്റ് ഇപ്പോൾ തുടർന്നു വന്നുകൊണ്ടിരിക്കുന്ന നിലപാടിൽ

നിന്ന് മാറ്റം വരുത്തി ഈ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അവിടെ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കേരള സോപ്സ് ആന്റ് ഓയിൽസും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസും സ്റ്റീൽ കോംപ്ലക്സും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് നഷ്ടത്തിലായതെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. വളരെക്കാലമായി 1985-86 മുതൽ നഷ്ടത്തിലും കുഴപ്പത്തിലുമാണ് ഈ കമ്പനികളൊക്കെ. സ്റ്റീൽ കോംപ്ലക്സ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്യുകയും ബി.ഐ.എഫ്.ആർ. ഒരു പാക്കേജ് കൊടുക്കുകയും അന്ന് ഇത്ര തൊഴിലാളികളെ കുറയ്ക്കണമെന്നും പറഞ്ഞു. 73 തൊഴിലാളികളെ കുറച്ചു. 73 തൊഴിലാളികളെ അന്നത്തെ പാക്കേജിൽ കുറച്ചിട്ട് അത് വിജയിക്കുകയില്ല എന്ന് കണ്ട് ബി.ഐ.എഫ്.ആർ. തന്നെ ആ കമ്പനി അടച്ചുപൂട്ടി. അത് പ്രൈവറ്റൈസേഷൻ ചെയ്യാൻവേണ്ടി അവരുടെ ഏജൻസി അഡ്വർട്ടൈസ് ചെയ്യുകയാണ് ചെയ്തത്. ആ സ്റ്റേജിൽ തൊഴിലാളികളുടെ ഡിമാന്റ് കണക്കിൽ എടുത്തുകൊണ്ട് മറ്റൊരു പാക്കേജ് തയ്യാറാക്കി കൊടുക്കാൻ ഞാൻ സമ്മതിക്കുകയാണ് ചെയ്തത്. ഇത്രയും സുവ്യക്തമായ ഒരു കേസ് വേറെയുണ്ടോ? അതുപോലെതന്നെ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ വി.ആർ.എസ്. ഓപ്റ്റ് ചെയ്തപ്പോൾ തൊഴിലാളികൾ ബഹുഭൂരിപക്ഷവും വി.ആർ.എസ്. എടുക്കുകയാണ് ചെയ്തത്. കുറച്ചുപേരേ ഇനി വി.ആർ.എസ്. എടുക്കാൻ ബാക്കിയുള്ളൂ. സമരം ചെയ്യുക എന്നല്ലാതെ വസ്തുത വസ്തുതയായിട്ട് കാണണ്ടേ? അതുപോലെ തന്നെ കേരള സോപ്സ് ആന്റ് ഓയിൽസ് എത്ര കാലമായി ഈ രൂപത്തിലായിട്ട്? എന്നാണ് അത് മര്യാദയ്ക്ക് പ്രവർത്തിച്ചത്? ഈ മൂന്നു ഫാക്ടറികളും വളരെ വർഷങ്ങളായി, ദശകങ്ങളായി ഇതുപോലുള്ള കുഴപ്പത്തിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് വാസ്തവത്തിൽ ഗവൺമെന്റ് ഇതിന് കുറച്ച് പണം കാര്യമായി നീക്കിവച്ചത്. ഇപ്പോൾ വി.ആർ.എസ്., വൺ ടൈം സെറ്റിൽമെന്റ് സ്കീമിലാണെങ്കിലും ശരി ഇപ്പോഴാണ് കാര്യമായി പൈസ കൊടുത്തത്. വെറുതെ നമ്മൾ ബഹളം വച്ചിട്ട് കാര്യമുണ്ടോ? വളരെക്കാലമായി മൂലധനത്തിന്റെ മുന്നിരട്ടി നഷ്ടമുണ്ടാക്കിയ കമ്പനികൾ ഞാൻ വിചാരിച്ചാൽ പ്രവർത്തിപ്പിക്കാൻ കഴിയുമോ? ലാഭമാക്കണം. ലാഭത്തിലാക്കണമെന്ന മുദ്രാവാക്യം വിളിക്കുക എന്നല്ലാതെ നടക്കുമോ? പറ്റില്ല. അതുകൊണ്ടുതന്നെ ഈ മൂന്ന് കമ്പനികളും വളരെക്കാലമായി കഴിഞ്ഞ ഗവൺമെന്റും നോക്കിയെന്നാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ ഈ മൂന്ന് കമ്പനികളുടെയും സ്ഥിതി ഞാൻ പറയാം. ഗവൺമെന്റ് ട്രെയിഡ് യൂണിയനുകളുമായിട്ട് സംസാരിച്ച് എന്ത് നിലപാട് എടുക്കാനും തയ്യാറാണ്. വസ്തുത വസ്തുതയായിട്ട് കാണണം. പക്ഷേ അവിടെ കുറച്ച് തൊഴിലാളികളെ എടുത്തിട്ടുള്ളൂ. അവിടെ എന്താണ് വേണ്ടതെന്ന് അവരോട് സംസാരിക്കണം. സ്റ്റീൽ കോംപ്ലക്സിനെ സംബന്ധിച്ചിടത്തോളം അത് നടത്തിക്കൊണ്ടുപോകണമെന്ന് തൊഴിലാളികളും മാനേജുമെന്റുമായി സംസാരിച്ചപ്പോൾ ധാരണ ഉണ്ടായിട്ടുണ്ട്. അത് അങ്ങനെ നടത്തിക്കൊണ്ട് പോകാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറാണ്. ഗവൺമെന്റിന് പ്രത്യേകിച്ച് യാതൊരു നിലപാടുമില്ല. സ്റ്റീൽ കോംപ്ലക്സ് നടത്തിക്കൊണ്ടുപോകാൻ ഞങ്ങൾ തയ്യാറാണ്. കുറെ വി.ആർ.എസ്. കൊടുത്തു. ഇപ്പോൾ കുറച്ച് തൊഴിലാളികളേയുള്ളൂ. ആ നിലയിൽ നടത്തിക്കൊണ്ടുപൊകാനാണെങ്കിൽ പോകുന്നിടത്തോളം നടത്താൻ ഞങ്ങൾ തയ്യാറാണ്. നന്നാക്കാനുള്ള നടപടിയെടുക്കാനും ഞങ്ങൾ തയ്യാറാണ്. ഒരു പ്രൈവറ്റൈസേഷനും വേണ്ട. പക്ഷേ ഈ കമ്പനി എങ്ങനെ നടത്തണമെന്നുള്ളത് തൊഴിലാളികളും നമ്മളും കൂട്ടായിട്ട് ആലോചിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ അതേ അവസരത്തിൽ നടക്കാത്ത കാര്യം നടത്തണമെന്നു പറഞ്ഞാൽ അത് നടക്കുകയില്ല. കാരണം ഇതൊക്കെ അത്രയ്ക്ക് പ്രയാസമുള്ള കാര്യമാണ്. ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാണ്. അതിന് ഒരിക്കൽ ശ്രീ. ടി. പി. രാമകൃഷ്ണനും ട്രെയിഡ് യൂണിയനും വന്നിട്ട് നമ്മൾ സമയം വച്ചതാണ്. പിന്നെ ഇലക്ഷനൊക്കെ വന്നതുകൊണ്ട് നീണ്ടു നീണ്ടു പോയതാണ്. സ്റ്റീൽ കോംപ്ലക്സിന്റെ കാര്യത്തിൽ പല പ്രാവശ്യം ചർച്ച നടത്തി. ഇനിയും ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാണ്. സമരത്തിന്റെ നിലയും അവിടെ പോലീസിന്റെ പ്രശ്നവും ഒന്നും ഞാൻ അറിയുന്നതല്ല. അത് എന്താണെന്ന് ഞാൻ അന്വേഷിക്കാം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഒരു കാര്യം പറയാൻ അനുവദിക്കണം.

മി. സ്പീക്കർ: ഒരു ചോദ്യം ചോദിക്കാൻ അനുവദിക്കാം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുമ്പോൾ ചർച്ച ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞു. മൂന്ന് വർഷമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇത് ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ഈ സഭയിൽ തന്നെ പല സന്ദർഭങ്ങളിൽ പറഞ്ഞതാണ്. ഇതുവരെ അവിടെ ട്രെയിഡ് യൂണിയൻ സംഘടനകളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ചർച്ചയും നടന്നിട്ടില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും മുൻകൈയെടുത്തുകൊണ്ട് ഈ നിയമസഭ സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് തന്നെ അവിടെ ബന്ധപ്പെട്ട തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് ഒരു തീയതി പ്രഖ്യാപിക്കാൻ, ഈ സഭയുടെ മുമ്പിൽ പ്രഖ്യാപിക്കുന്നതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സന്നദ്ധമാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാണ്. നിയമസഭാ സമ്മേളനം കഴിയുന്നതിനുമുമ്പ് തന്നെ.....ഇങ്ങനെ വാൾ മുനയിലും തോക്കിലും നിറുത്തിയാൽ പറ്റുമോ?

മി. സ്പീക്കർ: Order.....Order.....You may reply.....No.....No.....You reply Minister, Minister you may conclude. അദ്ദേഹം പറഞ്ഞു കഴിഞ്ഞല്ലോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇപ്പോൾ ഒരു ചർച്ച നടത്തേണ്ട ഒരു സ്റ്റേജ് വന്നിട്ടുണ്ട്. മുമ്പ് ചർച്ച നടത്തേണ്ട സ്റ്റേജ് ആയിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ട്രെയിഡ് യൂണിയനുകളുമായി ചർച്ചയ്ക്ക് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly